**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2147** **11.06.2018-ൽ മറുപടിക്ക്**

<u>സാധാരണക്കാരായ രോഗികൾക്കുള്ള സൗജന്യ ചികിത്സാ പദ്ധതികൾ</u>

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. വി. എസ്. ശിവകുമാർ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാധാരണക്കാരായ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന എന്തെല്ലാം പദ്ധതികളാണ് 2015-16 കാലയളവിൽ നിലവിലുണ്ടായിരുന്നതെന്നു വ്യക്തമാക്കുമോ; | (എ) | ആരോഗ്യ വകുപ്പിന്റെ കീഴിൽ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ ഭാഗമായി നൽകിവരുന്ന എല്ലാ ചികിത്സാ പദ്ധതികളും സൗജന്യമായാണ് എല്ലാ വിഭാഗം ജനങ്ങൾക്കും നൽകിവരുന്നത്. ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയായ **'അമൃതം ആരോഗ്യം'**-ത്തിന്റെ കീഴിൽ പരിശോധനയും ചികിത്സയും കൂടാതെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകളും സൗജന്യമായാണ് നൽകിവരുന്നത്. ഈ പദ്ധതി ഇപ്പോഴും തുടർന്ന് വരുന്നു. ആരോഗ്യവകുപ്പ് ആരംഭിച്ച **ജില്ലാ ക്യാൻസർ കെയർ പദ്ധതി**യിലും, കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സ സൗജന്യമായാണ് നൽകുന്നത്. അതുപോലെതന്നെ **കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി, അന്ധത നിവാരണ പദ്ധതി, ദന്ത ആരോഗ്യ പദ്ധതി, വയോജനാരോഗ്യ പദ്ധതി** എന്നിവയിലൂടെ നൽകിയിരുന്ന എല്ലാ സേവനങ്ങളും സാധാരണ ജനങ്ങൾക്ക് സൗജന്യമായി നൽകിവരുന്നു. ക്യാൻസർ ചികിത്സ ധനസഹായ പദ്ധതിയായ **'സുകൃതവും'**, ഇൻഷ്വറൻസ് പദ്ധതിയായ **ആർ.എസ്.ബി.വൈ., ചീസ്** ഈ കാലയളവിൽ നിലവിലുണ്ടായിരുന്നു.<br><u>**രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം**</u><br>18 വയസ്സിനു താഴെയുള്ള കുട്ടികളിലെ ആരോഗ്യപ്രശ്നങ്ങളെ കാലേകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ധ പരിശോധനയും, സാധാരണയായി കണ്ടുവരുന്ന 30 അസുഖങ്ങൾക്കുള്ള ചികിത്സയും പരിചരണവും സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് 'രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം'. നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന ജനനവൈകല്യങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ ഈ പദ്ധതി മുഖാന്തിരം സൗജന്യമായാണ് നൽകിവരുന്നത്.<br><u>**ശലഭം**</u><br>എത്തിച്ചേരാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ഥലങ്ങളായ ട്രൈബൽ ഏരിയ, പർവ്വത പ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ഒരു മൊബൈൽ യൂണിറ്റിന്റെ സഹായത്തോടെ RBSK സ്ക്രീനിംഗ് നടത്തുന്നതിനായി ആരംഭിച്ച മൊബൈൽ യൂണിറ്റുകളാണ് 'ശലഭം' |

<table>
<tr><td></td><td></td><td></td><td>പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതാതു സ്ഥലങ്ങളിലെ സ്കൂളുകൾ, അംഗനവാടികൾ കേന്ദ്രീകരിച്ചാണ് ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. RBSK മാർഗ്ഗനിർദ്ദേശ പ്രകാരം 30 അസുഖങ്ങൾക്കുള്ള ചികിത്സയും, ആവശ്യമായ ശസ്ത്രക്രിയയും ദേശീയ ആരോഗ്യദൗത്യം വഴി സൗജന്യമാക്കിയിരിക്കുന്നു.<br><br><u>ഹൃദ്യം</u><br>ഈ പദ്ധതിയിൽ ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളിലെ ഹൃദ്രോഗത്തിനു പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാണ്. കുട്ടികൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിനും, ഫോളോഅപ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ, ദേശീയ ആരോഗ്യ മിഷൻ മുഖാന്തിരം ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം പദ്ധതി.<br><br><u>ആരോഗ്യകിരണം</u><br>ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ വിധത്തിലുള്ള ചികിത്സാ സഹായങ്ങളും തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് 'ആരോഗ്യകിരണം'. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന മുപ്പതു രോഗങ്ങൾക്ക് ഒഴികെയുള്ള എല്ലാ ജീവൻ രക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭ്യമാക്കുന്നു.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ താലോലം, ക്യാൻസർ സുരക്ഷ, ആരോഗ്യകിരണം, കാരുണ്യ, സുകൃതം ആർ.ബി.എസ്.കെ., സമഗ്ര ആദിവാസി ആരോഗ്യ സുരക്ഷാ പദ്ധതി, എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.</td></tr>
<tr><td>(ബി)</td><td>സാധാരണക്കാരായ രോഗികൾക്ക് ആശ്വാസം നൽകിയിരുന്ന പ്രസ്തുത പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോ;</td><td>(ബി)</td><td>ഇല്ല.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതികൾക്കായി, 2016-17, 2017-18 കാലയളവിൽ നീക്കിവച്ചിട്ടുള്ള തുകയും ചെലവഴിച്ച തുകയും എത്രയെന്നു വെളിപ്പെടുത്തുമോ?</td><td>(സി)</td><td>ആരോഗ്യ വകുപ്പിനു കീഴിൽ നീക്കിവെച്ച തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>2016-17</u><br><table>
<tr><th>ക്രമ നം.</th><th>പദ്ധതി</th><th>അനുവദിച്ച തുക (ലക്ഷത്തിൽ)</th><th>ചെലവഴിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി</td><td>1000</td><td>901.38</td></tr>
<tr><td>2</td><td>ക്യാൻസർ ചികിത്സ പദ്ധതി</td><td>230</td><td>201.7</td></tr>
<tr><td>3</td><td>കുഷ്ഠരോഗ നിർമ്മാർജ്ജന</td><td>61.69</td><td>50.84</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | പദ്ധതി | | |
| 4 | ആർ.ബി.എസ്.കെ. | 1506.88 | 2356 |
| 5 | ആരോഗ്യകിരണം | 3150 | 2951 |

**2017-18**

| ക്രമ നം. | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി | 1000 | 936.82 |
| 2 | ക്യാൻസർ ചികിത്സ പദ്ധതി | 230 | 225.41 |
| 3 | കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി | 67.32 | 64.35 |
| 4 | ആർ.ബി.എസ്.കെ. | 3093.9 | 3448 |
| 5 | ആരോഗ്യകിരണം | 535 | 2527 |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ 2016-17, 2017-18 കാലയളവിൽ സൗജന്യ ചികിത്സ പദ്ധതികൾക്കായി നീക്കിവച്ചിട്ടുളള തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

തിരുവനന്തപുരം മെഡിക്കൽ കോളേജ്

| | നീക്കിവച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-2017 | 26509914 | 23376525 |
| 2017-2018 | 49751032 | 45552360 |
| **താലോലം** | | |
| 2016--2017 | 7000000 | 1766300 |
| 2017-2018 | - | 3747926 |
| **കാരുണ്യ** | | |
| 2016--2017 | 350020736 | 213554386 |
| 2017-2018 | 14000000 | 259142703 |
| **RSBY** | | |
| 2016-2017 | 212584026 | 157589292 |
| 2017-2018 | 464680073 | 241943558 |
| **സുകൃതം** | | |
| 2016-2017 | 0 | 22664259 |
| 2017-2018 | 12587116 | 10705758 |
| പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി | | |
| 2016-2017 | 691780 | 1010464 |
| 2017-2018 | 1568944 | 962665 |
| ചിസ് പ്ലസ് | | |
| 2016-2017 | 169027996 | 106201880 |
| 2017-2018 | 56415572 | 171952502 |
| CGHS | | |
| 2016-2017 | 565087 | 564346 |
| 2017-2018 | 2144656 | 2144514 |

ആലപ്പുഴ മെഡിക്കൽ കോളേജ്

| സ്കീം | 2016-2017 | | 2017-2018 | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| ആർ.ബി.എസ്.കെ | 8,50,000 | 8,22,926 | 16,50,000 | 13,06,418 |
| ആരോഗ്യകിരണം | 11,43,820 | 7,16,294 | 11,49,839 | 18,99,055 |
| ജെ.എസ്.എസ്.കെ | 43,35,610 | 42,40,638 | 57,84,700 | 22,79,946 |
| കാരുണ്യബെനവലന്റ് ഫണ്ട് | 1,37,272,105 | 8,03,38,234 | 6,08,66,740 | 5,66,35,869 |
| സുകൃതം | 85,98,359 | 86,90,780 | Nil | 6,54,786 |

| | | | | |
|---|---|---|---|---|
| താലോലം | 2,87,783 | 2,55,157 | 10,33,294 | 3,34,419 |
| ക്യാൻസർ സുരക്ഷ | 2,65,920 | 3,85,753 | 13,64,317 | 1,68,466 |
| ആർ.എസ്.ബി.വൈ | 10,54,63,563 | 9,04,55,200 | 7,59,84,050 | 12,81,84,360 |

**കോട്ടയം മെഡിക്കൽ കോളേജ്**

| | നീക്കിവച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| **താലോലം** 2016--2017 | 5000000 | 20122758 |
| 2017-2018 | - | 2680830 |
| **ക്യാൻസർ സുരക്ഷ** 2016--2017 | 1000000 | 571226 |
| 2017-2018 | Nil | 2265214 |
| **ആരോഗ്യകിരണം** 2016-2017 | 4200000 | 863798 |
| 2017-2018 | 500000 | 500000 |
| **ആർ.എസ്.ബി.വൈ** 2016-2017 | 1600000 | 145000 |
| 2017-2018 | 2700000 | 2700000 |
| സമഗ്ര ആദിവാസി ആരോഗ്യ സുരക്ഷാ പദ്ധതി | | |
| 2016-2017 | 5500000 | 4306040 |
| 2017-2018 | 7000000 | 3568403 |
| കാരുണ്യ 2016-2017 | 299357072 | 612866930 |
| 2017-2018 | 462245313 | 381783574 |
| **സുകൃതം** 2016-2017 | 3278138 | 1232446 |
| 2017-2018 | 211792976 | 210062532 |

**കോഴിക്കോട് മെഡിക്കൽ കോളേജ്**

| | നീക്കിവച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| **താലോലം** 2016--2017 | 16500000 | 8885805 |
| 2017-2018 | 5000000 | 11376959 |
| **ക്യാൻസർ സുരക്ഷ** 2016--2017 | - | 1374507 |
| 2017-2018 | 2000000 | 493954 |
| **ആർ.എസ്.ബി.വൈ** 2016-2017 | ബാധകമല്ല | 175453333 |
| 2017-2018 | ബാധകമല്ല | 264989875 |

| | | |
|---|---|---|
| ചിസ് പ്ലസ് | | |
| 2016-2017 | ബാധകമല്ല | 141575335 |
| 2017-2018 | ബാധകമല്ല | 62251935 |
| ആർ.ബി.എസ്.കെ<br>2016-2017 | 5112090 | 5112090 |
| 2017-2018 | 6160048 | 6160048 |
| എ.കെ.<br>2016-2017 | 7401828 | 7401828 |
| 2017-2018 | 8240383 | 8240383 |
| ജെ.എസ്.എസ്.കെ<br>2016-2017 | - | - |
| 2017-2018 | 18592 | 18592 |
| സ്നേഹസാന്ത്വനം<br>2016-2017 | 6322 | - |
| 2017-2018 | - | - |

Bindu

സെക്ഷൻ ഓഫീസർ